പന്തളം കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനിൽ
ഓപ്പറേറ് ചെയ്യുന്ന ബസുകൾ

1261. [1726] ശ്രീ. വി. കേശവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 14-9-1983-ൽ 16 ഷെഡ്യൂളുകളും 17 ബസുകളുമായി ഉൽഘാടനം ചെയ്തു പ്രവർത്തനമാരംഭിച്ച പന്തളം കെ.എസ്.ആർ.ടി.സി. ബസ്സ്റ്റേഷനിൽ ഇപ്പോൾ (1985 ജൂലായ് മാസത്തിൽ) കോർപ്പറേഷന്റെ എത്ര ബസ്സുകൾ ഓപ്പറേറു ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ബസ്സുകൾ കുറഞ്ഞിട്ടുണ്ടെങ്കിൽ അതിന്റെ കാരണമെന്ത് ;

(സി) 1983 സെപ്റ്റംബറിലും അതിനുശേഷവും സംസ്ഥാനത്ത് സ്ഥാപിച്ച കോർപ്പറേഷന്റെ ഓപ്പറേറിംഗ് സെന്ററുകളിൽ എത്രയെണ്ണം വച്ച് ഡിപ്പോകളായി ഉയർത്തിയിട്ടുണ്ട്; എവിടെയെല്ലാം;

(ഡി) 1984-ലെ കോർപ്പറേഷന്റെ കണക്കനുസരിച്ച് സംസ്ഥാനത്ത് പുതുതായി ആരംഭിച്ച ഓപ്പറേറിംഗ് സെന്ററുകളിൽ വച്ച് ഏറ്റവും കൂടുതൽ ഈ വി.കെ.എം. ഉള്ള ഓപ്പറേറിംഗ് സെന്റർ പന്തളത്തേതാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഈ ഓപ്പറേറിംഗ് സെന്റർ സ്ഥാപിക്കുന്നതിന് കോർപ്പറേഷന് എന്തു തുക ഇതിനകം ചെലവായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(എഫ്) ഈ ഓപ്പറേറിംഗ് സെന്റർ സ്ഥാപിച്ചതിനുള്ള സ്ഥലവും കെട്ടിടങ്ങളും മറ്റുസൗകര്യങ്ങളുമെല്ലാം കൂടി പന്തളം പഞ്ചായത്തു കമ്മിറ്റി എന്തു തുക കോർപ്പറേഷന് മുതൽകൂട്ടിയിട്ടുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത് ;

(ജി) ഇവിടത്തെ കെട്ടിടങ്ങളുടേയും വാർഡിന്റെയും അറ്റകുറ്റപ്പണികൾക്കുംവേണ്ടി മാത്രം ഇതിനകം കോർപ്പറേഷൻ എന്തു തുക ചെലവാക്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ; 1984-85-ൽ ചെലവാക്കിയ തുകയെന്ത് ?

ഉത്തരം

(എ) 15 ബസുകൾ.

(ബി) 10 വർഷം പഴക്കം ചെന്ന ഉപയോഗശൂന്യമായ ഒരു ബസ് പിൻവലിച്ച് മറ്റൊരു ബസ് ദേശസൽകൃതമേഖലയായ തിരുവനന്തപുരം സിറ്റിയിലേക്ക് മാറ്റുകയും ചെയ്തു.

(സി) 1983 സെപ്റ്റംബർ മാസത്തിനു ശേഷം ഒൻപത് ഓപ്പറേറിംഗ് സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. അവ പാറശാലയും ഈരാറ്റുപേട്ടയും സബ്ഡിപ്പോകളാക്കി ഉയർത്തിയിട്ടുണ്ട്.

(ഡി) ഓപ്പറേറിംഗ് സെന്ററുകളിലെ ഇ.പി.കെ.എം. പ്രത്യേകം തരംതിരിച്ചിട്ടില്ല.

(ഇ) കോർപ്പറേഷനു തനതായി ഇതിലേക്ക് ചെലവൊന്നും തന്നെ ഉണ്ടായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) കോർപ്പറേഷൻ കണക്കാക്കിയിട്ടില്ല.

(ജി) കെട്ടിടങ്ങളുടെയും വാർഡിന്റെയും അറ്റകുറ്റപ്പണികൾക്കായി കോർപ്പറേഷൻ തുക ചെലവാക്കിയിട്ടില്ല. എന്നാൽ വാട്ടർ സപ്ലൈയുടെ പണികൾക്കായി 1983-84-ൽ 4663 രൂപയും ഇലക്ട്രിക്കൽ ജോലികൾക്കായി 1983-84-ൽ 50109 രൂപയും ചെലവാക്കിയിട്ടുണ്ട്.

പത്തനംതിട്ട-പുതുക്കുളം കെ.എസ്.ആർ.ടി.സി.
ബസ് റൂട്ട് തലച്ചിറ വരെ നീട്ടാൻ നടപടി

1262 [1727] ശ്രീ. വി. എസ്. ചന്ദ്രശേഖരപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട നിന്നും പുതുക്കുളത്തിന് എത്ര കെ.എസ്.ആർ.ടി.സി. ബസുകളാണ് സർവീസ് നടത്തുന്നത് ;

(ബി) പത്തനംതിട്ട നിന്നും പുതുക്കുളം വരെ സർവീസ് നടത്തുന്ന കെ.എസ്.ആർ.ടി.സി. ബസുകൾ തലച്ചിറ വരെ നീട്ടുന്ന കാര്യം പരിഗണിക്കാമെന്ന് ഗവൺമെന്റ് ഉറപ്പ് നൽകിയിരുന്നുവോ ;

(സി) എങ്കിൽ അതനുസരിച്ച് ബസുകൾ ഇപ്പോൾ തലച്ചിറ വരെ പോകുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ബന്ധപ്പെട്ട ജീവനക്കാർ അത് പ്രാവർത്തികമാക്കുന്നുണ്ടോ ?

(ഇ) ഇതുവരെ നിർദ്ദേശം നൽകിയിട്ടില്ലെങ്കിൽ ഉടൻതന്നെ പ്രസ്തുത സർവീസുകൾ തലച്ചിറവരെ നീട്ടുന്നതിന് ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) 5 ബസുകളിലായി 18 റൗണ്ട് ട്രിപ്പ് സർവീസുകൾ നടത്തുന്നുണ്ട്.

(ബി, സി) പരിഗണിക്കാമെന്ന് പറഞ്ഞിരുന്നു. എന്നാൽ തലച്ചിറ വരെ നീട്ടിയാൽ തപാൽ കൈകാര്യം ചെയ്യുന്ന മെയിൻ സർവീസുകളുടെ സമയത്തെ ബാധിക്കുമെന്നതിനാൽ ഉറപ്പ് നടപ്പിലാക്കാൻ സാധിക്കുന്നതല്ല

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) തൽക്കാലം നിർവാഹമില്ല.

മണ്ണാർക്കാട്-ആനക്കട്ടി റൂട്ട്

1263. [1728] ശ്രീ. പി. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണ്ണാർക്കാട്-ആനക്കട്ടി റൂട്ടിന് എത്ര കിലോമീറ്റർ ദൂരം ഉണ്ട് ;

(ബി) ഫെയർ സ്റ്റേജുകൾ നിശ്ചയിക്കുന്ന പുതിയ ഗവൺമെന്റ് ഉത്തരവനുസരിച്ച് ഈ റൂട്ടിൽ എത്ര ഫെയർ സ്റ്റേജ് ഏർപ്പെടുത്താം ;

(സി) ഇപ്പോൾ എത്രയാണുള്ളത് ;

(ഡി) ഫെയർ സ്റ്റേജുകളിൽ ഇപ്പോഴുള്ള അപാകതകൾ പരിഹരിക്കുന്ന കാര്യം ഗവൺമെന്റ് പരിഗണിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly